# പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം
## ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം- സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് അവരുടെ മൂന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ (2020-2021) 90 % തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ3/693/2019/പ്ര.പ.ക (2)** | **തീയതി:19/07/2021**

---

പരാമർശം:1. ജി.ഒ (എം.എസ്)നം.107/2018/ആ.കു.വ. തീയതി 06.06.2018.
2. ജി.ഒ (എം.എസ്)നം.138/2018/ആ.കു.വ. തീയതി 19.07.2018.
3. ജി.ഒ (എം.എസ്)നം.169/2018/ആ.കു.വ. തീയതി 19.08.2018.
4. ജി.ഒ (പി) നം. 83/ 2018 /ആ.കു.വ. തീയതി 05.06.2018.
5.ഈ കാര്യാലയത്തിലെ 28.04.2021, 30.06.2021 തീയതിയിലെ ഇതേ നം.ഉത്തരവ്.
6. 23/07/2020-ലെ WP(C)No.7771/2018 & connected case- ലെ കേസിലെ ബഹു. ഹൈക്കോടതി ഉത്തരവ്.
7. 27/01/2021 -ലെ WP(C)No.25475 & 26683/2020 കേസിലെ ബഹു. ഹൈക്കോടതി ഉത്തര വ്.
8. 07.05.2021, 18.05.2021, 13.07.2021 തീയതികളിലെ സർക്കാർ കത്ത് നം. S3/132/ 2021 - ആരോഗ്യം

## ഉത്തരവ്

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1),(2),(3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (6) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദാക്കിയിരുന്നു.പരാമർശം (7) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2018-19 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യർത്ഥികളുടെ അർഹത ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പരിശോധിച്ചതിൻ പ്രകാരം AFRC യുടെ അംഗീകാരത്തോടെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പരാമർശം (5) പ്രകാരം ട്യൂഷൻ ഫീസിന്റെ 90% തുക 2018 2019, 2019 2020 വർഷത്തെ സ്കോളർഷിപ്പായി അനുവദിക്കുകയും, പ്രസ്തുത ഉത്തരവിന്റെ

അടിസ്ഥാനത്തിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

തുടർന്ന് കൊല്ലം അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ വിദ്യാർത്ഥിയായ ശ്രീ മുഹമ്മദ് അൽത്താഫ് വിയും, തിരുവനന്തപുരം എസ് യു റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിലെ വിദ്യാർത്ഥിയായ ശ്രീ യു മുഹ്സിനും സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന്മാർക്ക് മൂന്നാം വർഷ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിന് സൂചന (8) പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ടിയാന്മാരുടെ രണ്ടാം വർഷ എം ബി ബി എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളിൽ, സൂചന (8) സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2018-19 അധ്യയന വർഷം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയ ചുവടെപ്പറയുന്ന വിദ്യാർത്ഥികൾക്ക് അവരുടെ മൂന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി അനുവദിച്ചു ഉത്തരവാകുന്നു. വിദ്യാർത്ഥികളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

***പകർപ്പ്:-***

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർക്ക്.
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
7. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/കറ് ഫയൽ.

# അനുബന്ധം

| കമ. നം. | വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ പേര് | റോൾ നം. (KEAM) | കോളേജിന്റെ പേര് | ട്യൂഷൻ ഫീസ് (AFRC) നിശ്ചയിട്ടുള്ളത്) | ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിയ്ക്കുന്ന തുക (ട്യൂഷൻ ഫീസിന്റെ 90%) |
|---|---|---|---|---|---|
| 1 | Muhammed Althaaf V | 208527 | Azeezia Institute of Medical Sciences and Research Kollam | 560000/- | 504000/- |
| 2 | Muhsin U | 194748 | SUT Academy of Medical Sciences, Thiruvananthapuram | 532000/- | 478800/- |
| Total (Rupees Nine lakhs eighty two thousand and eight hundred only) | | | | | 9,82,800/- |

പ്രവേശന പരീക്ഷാ കമ്മീഷണർ